**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4705** **19-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ സാംസ്കാരിക മന്ദിര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഉമ്പായി അക്കാദമി, ഷാർജ കൾച്ചറൽ പ്രോജക്ട് എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഉമ്പായി മ്യൂസിക് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുക നടപ്പ് സാമ്പത്തിക വർഷത്തെ 2205-00-102-08-57 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അധിക ധനസഹായമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കോഴിക്കോട് ജില്ലയിൽ ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിനായി 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.<br><br>11.05.2022-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കൂടുതൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രവാസി കാര്യ വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര വിദേശകാര്യ മന്ത്രാലയം മുഖാന്തിരം പ്രസ്തുത സെന്ററിനായി ഷാർജ ഗവൺമെന്റിന്റെ സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. ഈ പദ്ധതി നോർക്കയും സാംസ്കാരിക കാര്യ വകുപ്പും സംയുക്തമായി നടപ്പാക്കാനാണുദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതികൾ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കാലതാമസം കൂടാതെ തന്നെ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ